**STD 10 – FIRST BELL 2.0 – CHEMISTRY – CLASS – 39**

CHAPTER- 6

**ഓർഗാനിക് സംയുക്തങ്ങളുടെ നാമകരണവും ഐസോമെറിസവും**

**ആൽക്കെയ്ൻ**

- കാർബൺ ആറ്റങ്ങൾക്കിടയിൽ ഏക ബന്ധനം മാത്രമുള്ള ഓപ്പൺ ചെയിൻ ഹൈഡ്രോകാർബണുകൾ ആൽക്കെയ്ൻ വിഭാഗത്തിൽ ഉൾപ്പെടുന്നു.
- ആൽക്കെയ്നുകളിൽ ഓരോ കാർബൺ ആറ്റത്തിന്റെയും എല്ലാ സംയോജതകളും ഏക ബസനം വഴി പൂർത്തീകരിച്ചിരിക്കുന്നതിൽ ഇവയെ പൂരിത ഹൈഡ്രോകാർബണുകൾ എന്നറിയപ്പെടുന്നു.

| കാർബൺ ആറ്റങ്ങളുടെ എണ്ണം | ആൽക്കെയ്നുകളുടെ ഘടന | കണ്ടൻസ്ഡ് ഫോർമുല | തന്മാത്രാ സൂത്രം |
|---|---|---|---|
| 1 |  | $CH_4$ | $CH_4$ |
| 2 |  | $CH_3-CH_3$ | $C_2H_6$ |
| 3 |  | $CH_3-CH_2-CH_3$ | $C_3H_8$ |
| 4 |  | $CH_3-CH_2-CH_2-CH_3$ | $C_4H_{10}$ |
| 5 |  | $CH_3-CH_2-CH_2-CH_2-CH_3$ | $C_5H_{12}$ |

- ആൽക്കെയ്നുകളുടെ പൊതു സമവാക്യം
  **$C_nH_{2n+2}$ (n** കാർബൺ ആറ്റങ്ങളുടെ എണ്ണം)

**Q:** 8 കാർബൺ ആറ്റമുള്ള ആൽക്കെയ്നിന്റെ തൻമാത്ര സൂത്രം എഴുതുക?

- ആൽക്കെയ്ൻ പൊതു സമവാക്യം =

  **$C_nH_{2n+2}$**

  n= 8

  $C_8H_{2\times8+2}$

  $C_8H_{18}$

**സീരീസ്**

- അടുത്തടുത്ത രണ്ട് ആൽക്കെയ്നുകളുടെ തൻമാത്ര സൂത്രത്തിൽ **$CH_2$** ന്റെ വ്യത്യാസം ഉണ്ടായിരിക്കുകയും അവയെ ഒരു പൊതു സമവാക്യം ഉപയോഗിച്ച് സൂചിപ്പിക്കുകയും ചെയ്യാവുന്ന സംയുക്തങ്ങളുടെ സീരിസിനെ ഹോമലോഗസ് സീരിസ് എന്നു വിളിക്കുന്നു.

**ഹോമ ലോഗസ് സീരിസിന്റെ സവിശേഷതകൾ**

- അംഗങ്ങളെ ഒരു പൊതുവാക്യം കൊണ്ട് പ്രതിനിധീകരിക്കാൻ കഴിയുന്നു.
- അടുത്തടുത്ത അംഗങ്ങൾ തമ്മിൽ ഒരു **$-CH_2-$**ഗ്രൂപ്പിന്റെ വ്യത്യാസം മാത്രമാണുള്ളത്.
- അംഗങ്ങൾ രാസഗുണങ്ങളിൽ സാമ്യം പ്രകടിപ്പിക്കുന്നു.
- ഭൗതിക ഗുണങ്ങളിൽ ക്രമമായ വ്യതിയാനം കാണിക്കുന്നു.

**അപൂരിത ഹൈഡ്രോകാർബണുകൾ**

- കാർബൺ ആറ്റങ്ങൾക്കിടയിൽ ദ്വിബന്ധനമോ, ത്രിബന്ധനമോ ഉള്ള ഹൈഡ്രോകാർബണിനെ അപൂരിത ഹൈഡ്രോകാർബൺ എന്നു വിളിക്കുന്നു.
- ഏതെങ്കിലും രണ്ട് കാർബൺ ആറ്റങ്ങൾക്കിടയിൽ ഒരു ദ്വിബന്ധനം ഉള്ള ഹൈഡ്രോകാർബണുകളെ ആൽക്കിനുകൾ എന്നു വിളിക്കുന്നു.

| **കാർബൺ ആറ്റങ്ങളുടെ എണ്ണം** | **ആൽക്കീനുകളുടെ ഘടന** | **കണ്ടൻസ്ഡ് ഫോർമുല** | **തന്മാത്രാസൂത്രം** |
|---|---|---|---|
| 2 |  | $CH_2{=}CH_2$ | $C_2H_4$ |
| 3 |  | $CH_2{=}CH{-}CH_3$ | $C_3H_6$ |
| 4 |  | $CH_2{=}CH{-}CH_2{-}CH_3$ | $C_4H_8$ |

| | | | |
|---|---|---|---|
| 5 |  | $CH_2{=}CH{-}CH_2{-}CH_2{-}CH_3$ | $C_5H_{10}$ |

- ആൽക്കിനുകളുടെ പൊതു സമവാക്യം **$C_nH_{2n}$.** (n കാർബൺ ആറ്റങ്ങളുടെ എണ്ണം)

Q: 8 കാർബൺ ആറ്റമുള്ള ആൽക്കീന്റെ തൻമാത്ര സൂത്രം എഴുതുക?

- ആൽക്കീനുകളുടെ പൊതു സമവാക്യം=**$C_nH_{2n}$**

$C_8H_{2\times8}$

$=C_8H_{16}$

**തുടർ പ്രവർത്തനം**

1. പട്ടിക പൂർത്തീകരിക്കുക

| **NO** | **ഹൈഡ്രോകാർബണിന്റെ ഘടന** | **കണ്ടൻസ്ഡ് ഫോർമുല** | **തന്മാത്രാസൂത്രം** |
|---|---|---|---|
| 1 | …………… | $CH_3{-}\ CH_2{-}CH_3$ | …………… |
| 2 |  | …………… | …………… |
| 3 | …………… | $CH_2{=}CH{-}CH_2{-}CH_3$ | …………… |

2. 7 കാർബൺ ആറ്റങ്ങളുള്ള ഒരു ആൽക്കെയ്ന്റെയും ആൽക്കിനിന്റെയും തൻമാത്ര സൂത്രം എഴുതുക.

*Prepared by:*

Sakeena T
HST PS
Iringannur Hss Calicut